സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ഉള്ളൂർ ഗ്രൂപ്പിൽപ്പെട്ട അണിയൂർ സബ്ഗ്രൂപ്പിന്റെ ആസ്ഥാനം മാറ്റുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 799/16/Est-I** നന്തൻകോട്, **14/9/2017**

---

പരാമർശം :- 1) ദേവസ്വം കമ്മീഷണറുടെ 17-1-2017 ലെ ROC 80/16/Est(A) നമ്പർ റിപ്പോർട്ട്.

2) 09-2-2017 ലെ മേൽ നമ്പർ ഉത്തരവ്.

3) ദേവസ്വം കമ്മീഷണറുടെ 25-7-2017 ലെ ROC 80/16/Est(A) നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ഉള്ളൂർ ഗ്രൂപ്പിൽപ്പെട്ട അണിയൂർ സബ്ഗ്രൂപ്പിന്റെ ആസ്ഥാനം അണിയൂർ ദേവസ്വത്തിലാണെന്നും എന്നാൽ ടി സബ്ഗ്രൂപ്പിൽപ്പെട്ട കേളമംഗലം ദേവസ്വത്തിലെ വാർഷിക വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാൽ ടി സബ്ഗ്രൂപ്പിന്റെ ആസ്ഥാനം കേളമംഗലം ദേവസ്വത്തിലേക്ക് മാറ്റുന്നപക്ഷം വരുമാന വർദ്ധനവ് ഉണ്ടാകുമെന്നും അണിയൂർ സബ്ഗ്രൂപ്പിൽ ഉൾപ്പെടുന്ന ആറ് ദേവസ്വങ്ങളിൽ അണിയൂർ ഒഴികെയുള്ള അഞ്ച് ദേവസ്വങ്ങളും കേളമംഗലം ദേവസ്വത്തിന്റെ ചുറ്റുമാണ് സ്ഥിതി ചെയ്യുന്നതെന്നും ആകയാൽ അണിയൂർ സബ്ഗ്രൂപ്പിന്റെ ആസ്ഥാനം വരുമാനം കൂടുതലുള്ള കേളമംഗലം ദേവസ്വത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കുന്നതിന് ഉള്ളൂർ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ടി നിർദ്ദേശം അനുവദനീയമാണെന്നും വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -1).

ആയത് സംബന്ധിച്ച് ദേവസ്വം കമ്മീഷണറുടെ വ്യക്തമായ അഭിപ്രായം ആരാഞ്ഞു (പരാമർശം -2).

അണിയൂർ സബ്ഗ്രൂപ്പിന്റെ ആസ്ഥാനം അതേ സബ്ഗ്രൂപ്പിൽപ്പെട്ട കേളമംഗലം ദേവസ്വത്തിലേക്ക് മാറ്റുന്നതിൽ അപാകതയില്ലായെന്ന് വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -3).

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു. ഉള്ളൂർ ഗ്രൂപ്പിൽപ്പെട്ട അണിയൂർ സബ്ഗ്രൂപ്പിന്റെ ആസ്ഥാനം അതേ സബ്ഗ്രൂപ്പിൽപ്പെട്ട കേളമംഗലം ദേവസ്വത്തിലേക്ക് മാറ്റുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

Jayashree. S

സെക്രട്ടറി

(മറുപുറം)

eOP

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം
3. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഉള്ളൂർ ഗ്രൂപ്പ്
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

SK